**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1802** **04-02-2026-ൽ മറുപടിയ്ക്ക്**

**<u>പരീക്ഷാ സമ്പ്രദായത്തിന്റെ ആധുനികവൽക്കരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** കേരളത്തിലെ സർവ്വകലാശാലാടിസ്ഥാനത്തിൽ പരീക്ഷാ സമ്പ്രദായം ആധുനികവൽക്കരിക്കുന്നതിന് വേണ്ടി കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾക്ക് ചെലവഴിച്ച തുക സർവകലാശാലാടിസ്ഥാനത്തിൽ ഇനം തിരിച്ച് ലഭ്യമാക്കാമോ;

**<u>മറുപടി:</u>** അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.

**(ബി)** പരീക്ഷ ഫലം പ്രസിദ്ധീകരിച്ച ശേഷം വിദ്യാർത്ഥികൾ അവരുടെ ഉത്തര പേപ്പറുകളുടെ പകർപ്പുകൾ ആവശ്യപ്പെട്ടാൽ അനുവദിക്കാറുണ്ടോ; ആയതിന്റെ നടപടിക്രമം വിശദമാക്കുമോ;

**<u>മറുപടി:</u>** അനുവദിക്കാറുണ്ട്.

പരീക്ഷാഫലം പ്രസിദ്ധീകരിച്ച ശേഷം നിർദ്ദിഷ്ട സമയത്തിനുള്ളിൽ വിദ്യാർത്ഥികൾ നിശ്ചിത ഫീസ് ഒടുക്കി അപേക്ഷ സമർപ്പിക്കുന്ന പക്ഷം ഉത്തരക്കടലാസുകളുടെ പകർപ്പുകൾ സർവ്വകലാശാലകൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നു.

**(സി)** വിവിധ സർവ്വകലാശാലകൾ വിദ്യാർത്ഥികൾക്കനുവദിച്ച പരീക്ഷ ഉത്തര പേപ്പറുകളുടെ പകർപ്പുകൾ മാറിപ്പോയതായി പരാതികൾ ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; പരീക്ഷ, മാറിപ്പോയ ഉത്തര പേപ്പറുകളുടെ എണ്ണം, യഥാർത്ഥ ഉത്തരകടലാസിലെ മാർക്ക് വിദ്യാർത്ഥിക്ക് ലഭിക്കാൻ സ്വീകരിച്ച നടപടി എന്നിവയുൾപ്പെടെ ഉത്തര പേപ്പറുകൾ മാറിപ്പോയതായി ശ്രദ്ധയിൽപ്പെട്ട കേസുകളുടെ വിശദാംശവും അവയിൽ സർവ്വകലാശാല സ്വീകരിച്ച നടപടികളും ലഭ്യമാക്കാമോ;

**<u>മറുപടി:</u>** മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള രണ്ട് കോളേജുകളിലെ നാല് വിദ്യാർത്ഥികളുടെ ഉത്തരക്കടലാസുകളിൽ ഫാൾസ് നമ്പർ രേഖപ്പെടുത്തുന്നതിൽ മൂല്യനിർണ്ണയം നടത്തിയ അധ്യാപകന്റെ ഭാഗത്തുനിന്നും പിഴവ് സംഭവിച്ചതിനെ തുടർന്ന് തെറ്റായ റിസൾട്ട് പ്രസിദ്ധീകരിക്കുകയും, മേൽ പിഴവ് സംബന്ധിച്ച് കോളേജിൽ നിന്നും അറിയിച്ചതിനെ തുടർന്ന് മൂല്യനിർണ്ണയം നടത്തിയ അധ്യാപകരുടെ വിശദീകരണം തേടുകയും തുടർന്ന് പരീക്ഷ കൺട്രോളറുടെ ഉത്തരവിൻ പ്രകാരം വിദ്യാർത്ഥികളുടെ ശരിയായ ഫാൾസ് നമ്പർ പ്രകാരമുള്ള മാർക്ക് രേഖപ്പെടുത്തി Post Result Correction മുഖേന റിസൾട്ട് പുനഃപ്രസിദ്ധീകരിക്കുകയും ചെയ്തു.

കാലിക്കറ്റ് സർവ്വകലാശാലയിൽ പരീക്ഷാഫലം പ്രസിദ്ധീകരിച്ചതിന് ശേഷം വിദ്യാർത്ഥികൾക്ക് അനുവദിച്ച ഉത്തരക്കടലാസുകളുടെ പകർപ്പുകൾ മാറിപ്പോയതായി പരീക്ഷാഭവനിലെ വിവിധ ബ്രാഞ്ചുകളിൽ പരാതികൾ ലഭിച്ചിട്ടുണ്ട്. ലഭ്യമായ പരാതികൾ പരിശോധിച്ചപ്പോൾ, മിക്ക കേസുകളിലും കോളേജുകളിലോ ബന്ധപ്പെട്ട ടാബുലേഷൻ/മാപ്പിംഗ് ഘട്ടങ്ങളിലോ സംഭവിച്ച സാങ്കേതിക പിഴവുകളാണ് ഉത്തരക്കടലാസുകൾ മാറിപ്പോകാൻ കാരണമായതായി കണ്ടെത്തിയിട്ടുള്ളത്. പ്രസ്തുത എല്ലാ കേസുകളിലും വിദ്യാർത്ഥികൾക്ക് യഥാർത്ഥ ഉത്തരക്കടലാസിലെ മാർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർവ്വകലാശാല സ്വീകരിച്ചിട്ടുണ്ട്.

**(ഡി)** സംസ്ഥാനത്തെ ഏതെങ്കിലും സർവ്വകലാശാലകളിൽ മൂല്യനിർണയത്തിനുശേഷം ഉത്തര പേപ്പറുകൾ സൂക്ഷിക്കാനും പുനർമൂല്യനിർണ്ണയത്തിന് ലഭ്യമാക്കാനും വേണ്ടിയുള്ള പ്രത്യേക സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സംവിധാനത്തിന്റെ പേര്, അതിന് ചെലവാക്കിയ തുക, വാർഷിക അറ്റകുറ്റപ്പണികൾ നടത്താനുള്ള കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന് കരാർ പ്രകാരം നൽകിയ തുക എന്നിവയുൾപ്പെടെ വിശദാംശം സർവ്വകലാശാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** കാലിക്കറ്റ് സർവ്വകലാശാലയിൽ മൂല്യനിർണയത്തിനുശേഷം ഉത്തര പേപ്പറുകൾ സൂക്ഷിക്കാനും പുനർമൂല്യനിർണ്ണയത്തിന് ലഭ്യമാക്കാനും വേണ്ടി ഓട്ടോമാറ്റിക് സ്റ്റോറേജ് & റിട്രീവൽ സിസ്റ്റം (ASRS) സ്ഥാപിച്ചിട്ടുണ്ട്.

ഇതിനായി 2020-21 അധ്യയന വർഷം 3,85,549 രൂപയും, 2021-22 അധ്യയന വർഷം 1,65,06,290രൂപയും, 2022-23 അധ്യയന വർഷം 5,21,12,986 രൂപയും, 2023-24 അധ്യയന വർഷം 6,12,72,568 രൂപയും, 2024-25 അധ്യയന വർഷം 7,24,722 രൂപയും ചിലവഴിച്ചിട്ടുണ്ട്.

**(ഇ)** കേരളത്തിലെ സർവ്വകലാശാലകൾ പരീക്ഷാ ഫലപ്രഖ്യാപനത്തിനുശേഷം ഉത്തര പേപ്പറുകൾ എത്ര കാലം സൂക്ഷിക്കുന്നുവെന്ന് അറിയിക്കാമോ; പ്രസ്തുത കാലയളവ് സംബന്ധിച്ച് സർവ്വകലാശാലകൾ ഇറക്കിയ പ്രധാനപ്പെട്ട ഉത്തരവുകളുടെ പകർപ്പ് നൽകാമോ?

**<u>മറുപടി:</u> കേരള സർവ്വകലാശാല**

ഫലപ്രഖ്യാപനത്തിനുശേഷം ഉത്തര കടലാസുകൾ 2 വർഷം വരെ സൂക്ഷിക്കുന്നു. പുനർമൂല്യ നിർണ്ണയത്തിനായി അപേക്ഷിച്ച വിഷയങ്ങളുടെ ഉത്തരക്കടലാസുകൾ പുനർമൂല്യ നിർണ്ണയ നടപടികൾ പൂർത്തിയാക്കിയതിനു ശേഷം ആറുമാസം കാലയളവ് വരെ സൂക്ഷിക്കാറുണ്ട്.

**മഹാത്മാഗാന്ധി സർവ്വകലാശാല**

മഹാത്മാ ഗാന്ധി സർവകലാശാല Records Retention Schedule 2022 പ്രകാരം പരീക്ഷ ഫലം പ്രഖ്യാപനത്തിനു ശേഷം ആറ് മാസം വരെ സൂക്ഷിക്കും.

**കാലിക്കറ്റ് സർവ്വകലാശാല**

പരീക്ഷാ മൂല്യനിർണയത്തിനും ഫലപ്രഖ്യാപനത്തിനുശേഷം ഉത്തര പേപ്പറുകൾ ഓട്ടോമാറ്റിക് സ്റ്റോറേജ് & റിട്രീവൽ സിസ്റ്റം (ASRS)-ൽ സൂക്ഷിക്കുകയും സമയബന്ധിതമായി പുനർമൂല്യനിർണയം പൂർത്തീകരിച്ച് പുനർമൂല്യനിർണ്ണയ ഫലങ്ങൾ പ്രസിദ്ധീകരിച്ച തീയതി മുതൽ രണ്ടാഴ്ച വരെ സൂക്ഷിക്കുകയും അതിനു ശേഷം നിയമാനുസരണം ഡിസ്പോസൽ നടപടികളിലേക്ക് കടക്കുകയും ചെയ്യുന്നു.

**കണ്ണൂർ സർവ്വകലാശാല**

സർവ്വകലാശാലകളുടെ പുനർമൂല്യനിർണ്ണയഫലം കൂടി പ്രസിദ്ധീകരിച്ച്, പ്രസ്തുത തിയ്യതി മുതൽ 6 മാസം വരെ ഉത്തര പേപ്പറുകൾ സർവ്വകലാശാലയിൽ സൂക്ഷിക്കുന്നതാണ്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.

**ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല**

ഉത്തര പേപ്പറുകൾ മൂന്നു വർഷക്കാലം സൂക്ഷിക്കുന്നു. ഉത്തരവിന്റെ പകർപ്പ് അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.

**കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല**

പരീക്ഷ ഫലപ്രഖ്യാപനത്തിനു ശേഷം ഒരു വർഷം വരെ ഉത്തര കടലാസ്സുകൾ സൂക്ഷിക്കാറുണ്ട്. പുനർ മൂല്യനിർണ്ണയം നടത്തിയ ഉത്തര കടലാസ്സുകൾ പുനർമൂല്യ നിർണ്ണയത്തിന്റെ ഫലപ്രഖ്യാപനത്തിനു ശേഷം ഒരു വർഷം വരെ സൂക്ഷിക്കാറുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.

**തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല**

പരീക്ഷാഫലപ്രഖ്യാപനത്തിനു ശേഷം ഉത്തരപേപ്പറുകൾ ഒന്നും തന്നെ ഇതുവരെ ഒഴിവാക്കിയിട്ടില്ല.

**ന്യുവാൽസ്**

കോഴ്സ് പൂർത്തീകരിച്ചതിനുശേഷം ഒരു വർഷം വരെയും, കേസ് നിലവിൽ ഉണ്ടെങ്കിൽ കേസ് തീരുന്നതു വരെയും ഉത്തരക്കടലാസുകൾ സൂക്ഷിക്കാറുണ്ട്.

**എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി**

പരീക്ഷാഫല പ്രഖ്യാപനത്തിനുശേഷം ഉത്തരക്കടലാസുകൾ 180 ദിവസക്കാലം വാല്യൂവേഷൻ ക്യാമ്പിൽ സൂക്ഷിക്കുന്നു. ഉത്തരവിന്റെ പകർപ്പ് അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.

**ശ്രീ നാരായണ ഗുരു ഓപ്പൺ സർവ്വകലാശാല**

പരീക്ഷാഫലം പ്രസിദ്ധീകരിച്ച് ഒരു വർഷം വരെയോ, പുനർമൂല്യ നിർണ്ണയഫലം പ്രസിദ്ധീകരിച്ച് 6 മാസം വരെയോ ഏതാണോ ആദ്യം വരുന്നത് അതുവരെ ഉത്തരക്കടലാസുകൾസൂക്ഷിക്കുന്നു. ഉത്തരവിന്റെ പകർപ്പ് അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.

**സെക്ഷൻ ഓഫീസർ**

# അനുബന്ധം 1

**കേരള സർവ്വകലാശാല**

"Development and Implementation of Student Life Cycle Management System (Examination Management Software) എന്ന പദ്ധതിയ്ക്കായി പ്ലാൻ ഫണ്ട് ഇനത്തിൽ 1,02,17,384/- രൂപ ചെലവഴിച്ചിട്ടുണ്ട്.

**മഹാത്മാഗാന്ധി സർവ്വകലാശാല**

| EXPENDITURE FOR MODERNISATION AND AUTOMATION OF EXAMINATION FOR THE PERIOD 2020 - 2025 | | |
|---|---|---|
| SL.NO | LEDGER | AMOUNT |
| 1 | Augmented services - initiative of IT Cell and Computers & Softwares | 1,65,43,415 |
| 2 | Digitisation of tabulation registers | 1,67,86,055 |
| 3 | Digitisation of Examination & Online examination for CAT | 10,55,903 |
| 4 | Introduction of automated learning | 1,31,28,047 |
| 5 | Examination modernisation and computerisation | 24,53,200 |
| 6 | Upgradation of examination software | 40,120 |
| **Total** | | 5,00,06,740 |

**കാലിക്കറ്റ് സർവ്വകലാശാല**

പരീക്ഷാ സമ്പ്രദായം ആധുനികവൽക്കരിക്കുന്നതിനായി കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ കാലിക്കറ്റ് സർവകലാശാല വിവിധ പദ്ധതികളും പ്രധാന ക്രമീകരണങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ബാർകോഡ് അധിഷ്ഠിതമായ പരീക്ഷാ സമ്പ്രദായം നടപ്പിലാക്കിയതോടെ ബാർകോഡ് റീഡർ, ബാർകോഡ് പ്രിന്റർ, ലാപ്ടോപ്പുകൾ എന്നിവയും ഉത്തരക്കടലാസുകളുടെ സുരക്ഷിത സംഭരണത്തിനായി ASRS സംവിധാനം ഉൾപ്പെടെയുള്ള സൗകര്യങ്ങളും സർവകലാശാല ഒരുക്കിയിട്ടുണ്ട്. കൂടാതെ, മൂല്യനിർണയ ക്യാമ്പുകളിലേക്ക് ഉത്തരക്കടലാസുകൾ സുരക്ഷിതമായി എത്തിക്കുന്നതിനായി തപാൽ വകുപ്പിന്റെ സേവനവും ഉപയോഗപ്പെടുത്തി വരുന്നു.
ഇതിനായി ചെലവഴിച്ച തുകയുടെ ഇനംതിരിച്ചുള്ള വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | ചെലവഴിച്ച തുക (₹) |
|---|---|---|
| 1 | 500 ബാർകോഡ് റീഡറുകൾ | 9,69,000 |
| 2 | 27000 Company Scored Adhesive Label ഷീറ്റുകൾ | 75,060 |
| 3 | 35000 A 4 size Company Scored Adhesive Label ഷീറ്റുകൾ . | 98,000 |
| 4 | 5,52,000 self adhesive labels | 14,35,200 |
| 5 | 10 ലക്ഷം self adhesive label ഷീറ്റുകൾ | 24,50,000 |

| | | |
|---|---|---|
| 6 | 10 ലക്ഷം self adhesive ഷീറ്റുകൾ | 23,30,000 |
| 7 | ഒരു ഹൈ സ്പീഡ് പ്രിന്ററും, മൾട്ടി ഫങ്ഷൻ ഫിനിഷറോടുകൂടിയ ഒരു ഹൈ സ്പീഡ് പ്രിന്ററും | 41,70,700 |
| 8 | 260 ലാപ്ടോപ്പ് കംപ്യൂട്ടറുകൾ | 99,10,623 |

**കണ്ണൂർ സർവ്വകലാശാല**

ഓൺസ്ക്രീൻ മൂല്യനിർണയം, മാർക്ക് ഡിസ്ട്രിബ്യൂഷൻ എന്നിവ നടപ്പിലാക്കുന്നതിനായുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചു ഉത്തരക്കടലാസുകൾ പ്രത്യേകം തയ്യാറാക്കിയതിലെയ്ക്കായി 8,73,200/-രൂപ സർവകലാശാല ചെലവഴിച്ചിട്ടുണ്ട്.

**ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല**

സർവ്വകലാശാലയിൽ പരീക്ഷാ സമ്പ്രദായം ആധുനികവൽക്കരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി 2,19, 499/- രൂപ ചെലവഴിച്ചിട്ടുണ്ട്.

**നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്**

സർവകലാശാല Academic Management Solutions എന്ന സോഫ്റ്റ്വെയർ C-DAC ഡെവലപ്പ് ചെയ്യുകയും അതിൽ Examination Magement Module ഉൾപ്പെടുത്തി ഘട്ടം ഘട്ടമായി പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ Automate ചെയ്തിട്ടുണ്ട്. ഇതിനുവേണ്ടി സർവകലാശാല ഏകദേശം പത്തുലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

**ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാല**

സർവകലാശാല പരീക്ഷകളിൽ “Onscreen Valuation” സമ്പ്രദായത്തിലൂടെ മൂല്യനിർണ്ണയം മെച്ചപ്പെടുത്തുന്നതിനായി 2 കോടി രൂപ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്.

S. [signature]

സെക്ഷൻ ഓഫീസർ